മലയാള മനോരമ
ESTABLISHED 1888

**06 May 2017**

# രേഖയ്ക്ക്, കടലൊരു മീൻചട്ടിയാണ്...

## ● കടലിൽ ഔട്ട്ബോർഡ് വള്ളമുപയോഗിച്ചു മീൻപിടിക്കുന്ന രാജ്യത്തെ ആദ്യ വനിതയായ രേഖയെ ആദരിച്ചു

കൊച്ചി ● 'കടലീ വള്ളമെറക്കിയ ആളു മീനും കൊണ്ടു തിരികെയെത്തുന്നതുവരെ അവന്റെ പെണ്ണ് കുടീലു വെളക്കുവച്ച് ദൈവത്താന്മാരോടു പ്രാർഥിക്കുമായിരുന്നു. കണ്ണിമ വെട്ടാതെ അവളു നോക്കിയിരിക്കുന്നത് വള്ളമടത്തോ എന്നാണ്. പെണ്ണിന്റെ പ്രാർഥനയാണു കടലീപ്പോയ ആളുടെ ജീവന്റെ ബലം. വള്ളം നെറയെ മീനുമായി വന്നാ ആളുകളു പറയും, അവന്റെ പെണ്ണിന്റെ വിളിയുടെ ബലമാണെന്ന്.

ഇപ്പോ ആ കാലമൊക്കെ പോയി. ഒരാളുടെ മാത്രം അധ്വാനം കൊണ്ടു വീട്ടിലെ അടുപ്പു പുകയില്ല. അതുകൊണ്ടാ എല്ലാ എതിർപ്പും അതിജീവിച്ച് ചേട്ടനൊപ്പം കടലീപ്പോകാൻ ഞാൻ തീരുമാനിച്ചത്. ഭർത്താവിനൊപ്പം ഉൾക്കടലിൽ മീൻപിടിത്തത്തിനു പോകുന്ന രേഖയുടെ വാക്കുകൾ. കടലിൽ ഔട്ട് ബോർഡ് വള്ളമുപയോഗിച്ചു മൽസ്യബന്ധനം നടത്തുന്ന രാജ്യത്തെ ആദ്യ വനിതയാണു രേഖ. കായൽ മീൻപിടിത്തത്തിൽ സ്ത്രീകളുടെ സാന്നിധ്യമുണ്ടെങ്കിലും കടലിൽ മീൻ പിടിക്കാൻ സ്ത്രീകൾ പോകുന്നതായി ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല. തൃശൂർ ജില്ലയിലെ കുണ്ടഴിയൂർ സ്വദേശി കരാട്ട് വീട്ടിൽ കെ.വി. കാർത്തികേയന്റെ ഭാര്യയാണു രേഖ.

### ● കടലാണെ സത്യം.. നിന്നോടു വഞ്ചന ചെയ്യില്ല

'പെണ്ണുങ്ങൾ കടലിൽ പോകുന്നതു ശരിയല്ലെന്നാണു തീര പ്രദേശങ്ങളിലുള്ള വിശ്വാസം. ലോകത്തു കടലുള്ള ദേശങ്ങളിലെല്ലാം ഇങ്ങനെയോരോന്നു കാണും. ഇതെല്ലാം അന്ധവിശ്വാസമാണെന്നു ഞാൻ പറയും. നാട്ടുകാരു പലരും എന്നെ തടയാൻ നോക്കിയിട്ടുണ്ട്. പല എതിർപ്പുകളും ശക്തമായി മറികടന്ന ശേഷമാണു ഞാൻ കുടുംബം പോറ്റാൻ കടലിലേക്കിറങ്ങിയത്. നമ്മടെ പണിക്ക് ഒരു നീതിയുണ്ടാകണം. കടലിനോടു സത്യം പുലർത്തണം. ആ സത്യമുണ്ടെങ്കിൽ കടലമ്മ കാക്കും. ആർത്തവകാലത്തു പണിക്കിറങ്ങാറില്ല. ബാക്കി എല്ലാസമയത്തും പോകും.

### ● ആറുപേരുടെ അന്നം

പ്രണയവിവാഹമായിരുന്നു. കല്യാണംകഴിഞ്ഞിട്ട് 19 വർഷം. ഒരുമിച്ചു ജീവിതം തുടങ്ങിയതിന്റെ നാലാംവർഷമാണു രേഖ കാർത്തികേയനൊപ്പം വള്ളത്തിൽ കയറിയത്.



മത്സ്യത്തൊഴിലാളി ദമ്പതികളായ തൃശൂർ കുണ്ടഴിയൂർ കെ.വി. കാർത്തികേയൻ, ഭാര്യ കെ.സി. രേഖ എന്നിവരെ കൊച്ചി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടന്ന സമ്മേളനത്തിൽ കേന്ദ്ര കൃഷി സഹമന്ത്രി സുദർശൻ ഭഗത് ആദരിച്ചപ്പോൾ.

മൽസ്യത്തൊഴിലാളിയായ കാർത്തികേയനു തുടർച്ചയായി വള്ളം ഇറക്കാൻ കഴിയാതെ വന്നതോടെ സാമ്പത്തിക നില തകരുകയായിരുന്നു.

ഒറ്റയ്ക്കു പണിക്കുപോയാൽ കടം വീടില്ലെന്നു വന്നതോടെ രേഖയും ഒപ്പംകൂടി. സ്ത്രീകൾ കടലിൽ പോകുന്നതു തെറ്റെന്നു പറഞ്ഞു നാട്ടുകാരിൽ ചിലർ എതിർപ്പുമായി വന്നു.

കടൽ ഞങ്ങൾക്ക് അമ്മയാണ്. അമ്മയുടെ മടിത്തട്ടിലേക്കു പോകുന്നതു തെറ്റാകുന്നത് എങ്ങനെയെന്നു ഞാൻ തിരിച്ചുചോദിച്ചു. ക്രമേണ എതിർപ്പു കുറഞ്ഞു. പുലർച്ചെ മൂന്നിനു പണിതുടങ്ങും. ഉച്ചയോടെ അവസാനിക്കും. മായ, അഞ്ജലി, ദേവപ്രിയ, ലക്ഷ്മിപ്രിയ എന്നിങ്ങനെ നാലു പെൺമക്കൾ. നാലു പേരും പഠിക്കുന്നു.

### ● കടലു കൈവെള്ള പോലെ

ഉൾക്കടലിൽ ചെല്ലുമ്പോൾ ആദ്യമൊക്കെ നിർത്താതെ ഛർദിക്കുമായിരുന്നു. ചോര വരെ ചുമച്ചു തുപ്പിയിട്ടുണ്ട്. തോൽക്കാൻ പാടില്ലെന്നു മനസ്സുപറഞ്ഞു. കടലിനെ പേടിച്ചിട്ടില്ല. ഒരിക്കൽ കുളച്ചിൽകാരുടെ വലിയ എൻജിൻവള്ളം പാഞ്ഞുവന്നു. ഞങ്ങൾ കൂകിവിളിച്ചു. തലനാരിഴയ്ക്കാണു രക്ഷപ്പെട്ടത്. ഇപ്പോ നിത്യതൊഴിലായപ്പോ കടലു കൈവെള്ള പോലെ പരിചിതമായി.

### ● ഞാനും ഒരു തൊഴിലാളിയല്ലേ ?

പെണ്ണായതുകൊണ്ട് മൽസ്യത്തൊഴിലാളി അംഗീകാരപത്രം ഇതുവരെ ലഭിച്ചിട്ടില്ല. ആണുങ്ങൾക്കേ അംഗീകരിച്ചു ബുക്ക് കൊടുത്തിട്ടുള്ളൂ.

സർക്കാരിന്റെ ആനുകൂല്യങ്ങളൊക്കെ കിട്ടണമെങ്കിൽ റേഷൻ കാർഡ് പോലെയുള്ള ആ ബുക്ക് വേണം. പിന്നെ ബോട്ടിന്റെ കാര്യവും കഷ്ടമാണ്. പഴയ ബോട്ടിനു വൻകിട മത്സ്യബന്ധന യാനങ്ങൾക്കൊപ്പം ഓടിയെത്താനാകുന്നില്ല.

കടൽവെള്ളം കയറുന്ന തരത്തിലാണു വീട് നിൽക്കുന്നത്. കുട്ടികളെ തനിച്ചാക്കി കടലിൽ പോകുമ്പോൾ നല്ല പേടിയാണ്.

### ● സിഎംഎഫ്ആർഐയുടെ അംഗീകാരം

മൽസ്യംപിടിക്കാൻ കടലിൽ പോകുന്ന ഈ അപൂർവ ദമ്പതികളെ ആദരിക്കുന്നതിനു കേന്ദ്രമൽസ്യ ഗവേഷണകേന്ദ്രം സംഘടിപ്പിച്ച ചടങ്ങ് ഉദ്ഘാടനം ചെയ്തത് കേന്ദ്രമന്ത്രി സുദർശൻ ഭഗത്. ഇവരുടെ ജീവിതത്തിലെ പ്രത്യേകതയുള്ള ദിവസം കൂടിയാണ് അംഗീകാരം തേടിയെത്തിയത്. ഇന്നലെ വിവാഹവാർഷികദിനവും രേഖയുടെ ജന്മദിനവുമായിരുന്നു.

ഇവർക്കു കൂടു മൽസ്യകൃഷി നടത്തുന്നതിനു കാളാഞ്ചി മീൻ കുഞ്ഞുങ്ങളെ മന്ത്രി സമ്മാനിച്ചു. കടലിലെ മീൻപിടിത്തത്തിനൊപ്പം ഇതിലൂടെയും കുടുംബചെലവിനു പണം കണ്ടെത്തുന്നതിനാണു കാർത്തികേയനും രേഖയും കടലിൽ കൂടു മൽസ്യകൃഷി തുടങ്ങുന്നത്.

### ● കടലിന്റെ മാറത്ത് ഒരുപിടി സ്വപ്നങ്ങൾ കൂടി

കടലിൽ വല വിരിച്ചു മീൻ കുടുങ്ങും വരെയുള്ള നീണ്ട കാത്തിരിപ്പ് എങ്ങനെ പിന്നിടുമെന്നു രേഖയോടു ചോദിച്ചു. മുകളിൽ ആകാശം താഴെ നിലയില്ലാക്കടൽ. വള്ളത്തിൽ ഞങ്ങൾ മുഖത്തോടുമുഖം നോക്കിയിരിക്കും. വീട്ടുകാര്യങ്ങളും പിള്ളേരുടെ സ്കൂളിലെ വിശേഷങ്ങളും പറയും. പഴയ പ്രണയകാലം ഓർക്കും. മനസ്സിലുള്ള സ്വപ്നങ്ങളെക്കുറിച്ചൊക്കെ പറയാൻ അപ്പോഴാ നേരം കിട്ടുന്നത്. ഓരോന്നു പറഞ്ഞ് ഞങ്ങളു വിരലുകൊണ്ടു വെള്ളത്തെ തഴുകിയിരിക്കും.